"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - അച്ചടി വകപ്പിലെ എസ്.എൽ.ആർ. തസ്തികയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ സന്തോഷ് കുമാർ എൻ.കെ യുടെ ഭവന വായ്പയിന്മേലുള്ള ബാദ്ധ്യത - എഴുതിത്തള്ളുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.135/2025/PPAD തീയതി,തിരുവനന്തപുരം, 26-12-2025

പരാമർശം:-

1. 17.07.2017 ലെ 91/17/ധന നമ്പർ സർക്കാർ ഉത്തരവ്.
2. അക്കൗണ്ടന്റ് ജനറലിന്റെ 02.12.2024 തീയതിയിലെ LA3/HBA/VI/SPD 118060/4032 നമ്പർ കത്ത്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 24.12.2024 , 01.04.2025 തീയതികളിലെ PTGD/1476/2024-B1 നമ്പർ കത്തുകൾ
4. സന്തോഷ് കുമാർ എൻ.കെ യുടെ ഭാര്യയായ ശ്രീമതി രഞ്ജിത കെ.ആർ സമർപ്പിച്ചിട്ടുള്ള 10.12.2024 തീയതിയിലെ അപേക്ഷ

**ഉത്തരവ്**

അച്ചടി വകപ്പിലെ മണ്ണന്തല ഗവ. പ്രസ്സിൽ എസ്.എൽ.ആർ തസ്തികയിൽ സേവനത്തിലിരിക്കെ 08.04.2024 ൽ മരണമടഞ്ഞ സന്തോഷ് കുമാർ എൻ.കെ സർക്കാരിൽ നിന്നും ഭവനവായ്പയായി എടുത്തിട്ടുള്ള 12,00,000/-രൂപയിൽ 8,94,600/- രൂപ അടയ്ക്കുകയും പലിശ ഇനത്തിൽ 3,61,152/- രൂപയും, പിഴ പലിശ ഇനത്തിൽ 162,500/-രൂപയും ഉൾപ്പെടെ ആകെ 17,23,652/-രൂപയിൽ 8,29,052/-രൂപ ബാദ്ധ്യതയുള്ളതായി പരാമർശം (2) പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിധേയമായി ഭവന വായ്പയിൽ ശേഷിക്കുന്ന തുകയിൽ നിന്നും കുറവ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പിലെ മണ്ണന്തല ഗവ. പ്രസ്സിൽ എസ്.എൽ.ആർ തസ്തികയിൽ സേവനത്തിലിരിക്കെ 08.04.2024 -ൽ മരണമടഞ്ഞ സന്തോഷ് കുമാർ.എൻ.കെ. യുടെ പേരിലുള്ള ഭവനവായ്പയുടെ മൊത്തം ബാദ്ധ്യതയായ 8,29,052/- രൂപയിൽ (എട്ടുലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി അൻപത്തിരണ്ട് രൂപ മാത്രം) നിന്നും, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഒരു പ്രത്യേക കേസായി പരിഗണിച്ച് താഴെ വിവരിക്കും പ്രകാരം എഴുതിത്തള്ളി ഉത്തരവാകുന്നു.

മരണമടഞ്ഞ സന്തോഷ് കുമാർ എൻ. കെ യുടെ ആകെ

ബാദ്ധ്യതയായ 8,29,052/- രൂപയിൽ, പലിശയിനത്തിലെ ബാധ്യതയായ 3,61,152/- രൂപ (മൂന്ന് ലക്ഷത്തി അറുപത്തൊന്നായിരത്തി ഒരുനൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) ഒഴിവാക്കേണ്ടതും, മുതലിനത്തിലെ ബാധ്യതയായ 3,05,400/- രൂപയിൽ നിന്നും 1,38,848/- രൂപ (ഒരു ലക്ഷത്തി മുപ്പത്തെണ്ണായിരത്തി എണ്ണൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) 2075-00-795-98-HBA write off(N/V) എന്ന ശീർഷകത്തിൽ ചെലവും 7610-00-201-98-HBA-State Service Officers(N/V) എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളേണ്ടതുമാണ്. അതോടൊപ്പം മുതൽ ഇനത്തിലെ ബാക്കി നിൽക്കുന്ന ബാദ്ധ്യതയായ 1,66,552/- രൂപയും പിഴപ്പലിശയിനത്തിലെ ബാദ്ധ്യതയായ 1,62,500/- രൂപയും ഉൾപ്പെടെ ആകെ ബാദ്ധ്യതയായ 3,29,052/- (മൂന്ന് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി അൻപത്തിരണ്ട് രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജി. യിൽ നിന്ന് ഈടാക്കേണ്ടതും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി. രഞ്ജിത.കെ.ആർ. (അച്ചടി വകുപ്പ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (15.10.2025 ലെ നം.3035215/എച്ച്.ബി.എ-2/21/2025-ധന കുറിപ്പ്)
6. ഇൻമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 26-12-2025 11:51:22
സെക്ഷൻ ഓഫീസർ